**16/11/2018 ൽ നടന്ന സിലബസ് റീസ്ട്രക്ച്ചറിംഗ് മോണിറ്ററിംഗ് കമ്മിറ്റിയുടെ യോഗനടപടിക്രമം.**

സ്ഥലം: പ്രൊ വൈസ് ചാൻസലറുടെ മുറി
സമയം: 2.30 പി.എം

**പങ്കെടുത്തവർ**

1) ഡോ. കെ.എസ്. രവികുമാർ, പ്രൊ വൈസ് ചാൻസലർ ഒപ്പ്
2) ഡോ. രാമദാസൻ കെ.ജി, സിൻഡിക്കേറ്റ് അംഗം ഒപ്പ്
3) ഡോ. യമുന കെ, അംഗം ഒപ്പ്
4) ഡോ. സാജു ടി.എസ്, അംഗം ഒപ്പ്

യോഗം 2.30 ന് ആരംഭിച്ചു

ഡോ. സാജു ടി. എസ് 2018 നവംബർ 12 മുതൽ 14 വരെ നടന്ന സിലബസ് റീസ്ട്രക്ച്ചറിംഗ് വർക്ക്ഷോപ്പിനെകുറിച്ച് റിപ്പോർട്ട് ചെയ്തു. സർവ്വകലാശാലയിലെ എല്ലാ വിഭാഗങ്ങളിലെ അദ്ധ്യാപകർക്കും ഒരുപോലെ ഉപകാരപ്പെട്ട വർക്ക്ഷോപ്പായിരുന്നുവെന്നും ആയതിന്റെ തുടർച്ചയായി ഫീഡ്ബാക്കിനെ ആസ്പദമാക്കി പ്രോഗ്രാം ഔട്ട്കം (programme outcome –PO) നിശ്ചയിക്കേണ്ടതുണ്ടെന്നും അറിയിച്ചു. കോർ വിഷയങ്ങൾക്ക് PO ഒന്നുതന്നെയായിരിക്കുമെന്നും പ്രോഗ്രാം സ്പെസിഫിക്ക് ഔട്ട്കം (PSO) കോഴ്സ് ഔട്ട്കം(CO) എന്നിവ തിരഞ്ഞെടുക്കുമ്പോൾ, അവ PO യിലേക്ക് നയിക്കുന്നതായിരിക്കണമെന്നു പ്രത്യേകം ഓർമ്മിപ്പിച്ചു. ഇവ അളന്നു പട്ടിക രൂപത്തിലാക്കുവാൻ പ്രത്യേകം സോഫ്റ്റ്-വെയർ ഉണ്ടെന്നും ആയതിന് സർവ്വകലാശാല ഒരു വിദ്യാർത്ഥിക്ക് 600 രൂപ നിരക്കിൽ ചെലവ് വഹിക്കേണ്ടിവരുമെന്നും കൂട്ടിച്ചേർത്തു.

## <u>തീരുമാനങ്ങൾ</u>

1. ഉന്നതവിദ്യാഭ്യാസ ക�ൺസിലുമായി സഹകരിച്ച് 2018 നവംബർ 12 മുതൽ 14 വരെ സർവ്വകലാശാല നടത്തിയ സിലബസ് റീസ്ട്രക്ച്ചറിംഗ് വർക്ക്ഷോപ്പിലെ പങ്കാളികൾ നൽകിയ ഫീഡ്ബാക്കിനെ ആസ്പദമാക്കി മുൻഗണനാക്രമത്തിൽ താഴെ പറയുന്ന പ്രോഗ്രാം ഔട്ട്കം(POs)തിരഞ്ഞെടുക്കവാൻ കമ്മിറ്റി ശുപാർശ ചെയ്തു.

   **PO1. Critical Thinking**: Take informed actions after identifying the assumptions that frame our thinking and actions, checking out the degree to which these assumptions are accurate and valid, and looking at our ideas and decisions (intellectual, organizational, and personal) from different perspectives.

   **PO3. Communication**: Listen, read, comprehend, speak and write clearly and effectively in person and through electronic media in English/regional language/language of the discipline to exhibit sound domain knowledge using

academic terminologies and make meaning of the world by connecting people, ideas, books, media and technology.

**PO5. Ethics**: Recognize different value systems including your own, understand the moral dimensions of your decisions, and accept responsibility for them.

**PO6. Self-directed and Life-long Learning**: Acquire the ability to engage in independent and lifelong learning in the broadest context socio-technological changes.

2. സിലബസ് റീസ്ട്രക്ച്ചറിംഗ് എല്ലാ ഡിപ്പാർട്ട്മെൻറിലും നടപ്പിലാക്കുന്നതിന്റെ ഭാഗമായി കോർ കമ്മിറ്റി രൂപീകരിക്കാൻ ശിപാർശ ചെയ്തു.
   കമ്മിറ്റിയിലെ അംഗങ്ങളായി
   1. ഡോ. എച്ച് പൂർണ്ണിമ, പ്രൊഫ& HoD, സംസ്കൃത ജനറൽ വിഭാഗം
   2. ഡോ. മുത്തുലക്ഷ്മി കെ, പ്രൊഫ& HoD, വേദാന്ത വിഭാഗം
   3. ഡോ. ശാന്തി നായർ, പ്രൊഫ& HoD, ഹിന്ദി വിഭാഗം
   4. ഡോ. രേഷ്മ ഭരദ്വാജ്, അസ്സോ.പ്രൊഫ& HoD,, സോഷ്യൽ വർക്ക് വിഭാഗം
   5. ഡോ. രവീന്ദ്രൻ കെ. എ , പ്രൊഫ& കോഡിനേറ്റർ, വേദിക് വിഭാഗം
   6. ഡോ. ഷീബ കെ.എം, പ്രൊഫ, ചരിത്ര വിഭാഗം
   7. ഡോ. രാജി ബി നായർ, അസോ.പ്രൊഫ, ഇംഗ്ലീഷ് വിഭാഗം
   8. ശ്രീമതി. അനിത എ, അസി. പ്രൊഫ, സോഷ്യൽ വർക്ക് വിഭാഗം എന്നിവരെ നിർദ്ദേശിച്ചു.
3. വർക്ക്ഷോപ്പിൽ പങ്കെടുത്തതും, പങ്കെടുക്കാത്തതുമായ വകുപ്പദ്ധ്യാക്ഷന്മാർക്ക് ഒരിക്കൽ കൂടി സിലബസ് റിസ്ട്രക്ച്ചറിംഗിനെ കുറിച്ച് ഒരു ക്ലാസ്സ് നൽകുവാൻ തീരുമാനിച്ചു. മേൽ സൂചിപ്പിച്ച കോർ കമ്മിറ്റിയിലെ അംഗങ്ങളായിരിക്കും ക്ലാസ്സ് നയിക്കുന്നത്. ഓരോ ഡിപ്പാർട്ട്മെന്റിലും സിലബസ് റിസ്ട്രക്ച്ചറിംഗ് നടപ്പിലാക്കുമ്പോൾ കോർ കമ്മിറ്റിയുടെ സഹായം തേടാവുന്നതാണ്.
4. കോർ കമ്മിറ്റിയിലെ അംഗങ്ങൾ ഓരോത്തർക്കും മൂന്ന് ഡിപ്പാർട്ട്മെൻറുകളുടെ വീതം ചുമതല നൽകാവുന്നതാണ്.

5. വർക്ക്ഷോപ്പിൽ പങ്കെടുക്കാത്ത ഡിപ്പാർട്ട്മെന്റിലെ മറ്റു അദ്ധ്യാപകർക്കും ഈ വിഷയം പരിചയപ്പെടുത്തുന്നതിനും ആയതിന്റെ തുടർച്ചയായി ഡിപ്പാർട്ട്മെൻറ് കൗൺസിൽ, വർക്ക്ഷോപ്പ്, ബോർഡ് ഓഫ് സ്റ്റഡീസ്, ഫാക്കൽറ്റി മീറ്റിംഗുകൾ എന്നിവ മുറപ്രകാരം സമയബന്ധിതമായി നടത്തേണ്ടതിന് തയ്യാറാക്കിയ ടൈം ഷെഡ്യൂൾ യോഗം അംഗീകരിച്ചു.
6. ഇതുമായി ബന്ധപ്പെട്ട് എല്ലാ വകുപ്പദ്ധ്യക്ഷന്മാരുടെയും യോഗം 21/11/2018-ന് ഉച്ചയ്ക്ക് 2 മണിക്ക് സിൻഡിക്കേറ്റ് ഹാളിൽ നടത്തുവാൻ നിശ്ചയിച്ചുകൊണ്ട് യോഗം 3.40 ന് അവസാനിച്ചു.

**ഒപ്പ്**
**പ്രൊ വൈസ് ചാൻസലർ**